## പതിമൂന്നാം കേരള നിയമ സഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 2172 07.07.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

ചോദ്യം

ശ്രീ. കെ.എൻ.എ. ഖാദർ.

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന് ഭീമമായ കുടിശ്ശിക നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' | (എ) & (ബി) | വിവിധ തരം സർക്കാർ സേവനങ്ങൾ, അതാത് സർക്കാർ വകുപ്പുകളുമായി കരാറിലേർപ്പെട്ട് അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുകയാണ് ചെയ്തു വരുന്നത്. ഇതിൽ ചില സേവനങ്ങൾക്ക്, സർവീസ് ചാർജ് ഉപഭോക്താവിൽ നിന്ന് നേരിട്ടാണ് ഈടാക്കിവരുന്നത്. യുഐഡി എൻറോൾമെന്റ്, ഇ-ഗ്രാൻസ്, ഇ-ഫയലിംഗ് പോലുള്ള ചില സേവനങ്ങളുടെ സർവീസ് ചാർജ്ജ് അതാത് വകുപ്പുകൾ അക്ഷയയ്ക്ക് മടക്കി നൽകുന്നതിന് കാല താമസം നേരിടാറുണ്ട്. ഇതു സംബന്ധിച്ച് അക്ഷയ സംരംഭകർ പരാതിപ്പെടാറുണ്ടെങ്കിലും അവ അടച്ചുപൂട്ടേണ്ടി വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് അവയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും പ്രസ്തുത കേന്ദ്രങ്ങൾ അടച്ചുപൂട്ടൽ ഭീഷണി യിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് വെട്ടിക്കുറയ്ക്കുവാൻ തീരു മാനിച്ചിട്ടുണ്ടോ; | (സി) & | ഇല്ല . പുതുതായി ഇലക്ടറൽ കാർഡിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് 25 രൂപയാണ് സർവീസ് ചാർജിനത്തിൽ ഈടാക്കാൻ ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ, നിലവിലുള്ള ഇലക്ടറൽ കാർഡിൽ ആധാർ നമ്പർ |

| | | | |
|---|---|---|---|
| (ഡി) | ഏങ്കിൽ പ്രസ്തുത തീരുമാനം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ദോഷ കരമായി ബാധിക്കുവാൻ ഇടയാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ചേർക്കാനും മറ്റു ഭേദഗതി വരുത്താനുമായി 10 രൂപ സർവീസ് ചാർജിനത്തിൽ ഈടാക്കാൻ ഇലക്ഷൻ കമ്മീഷൻ ആദ്യം നിർദ്ദേശിച്ചിരുന്നു. പിന്നീട് ഇലക്ടറൽ കാർഡിൽ ഭേദഗതി വരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സർവ്വീസ് ചാർജ് 20 രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകാനുള്ള കടിശ്ശിക അടിയന്തിരമായി കൊടുത്തു തീർത്തും സർവ്വീസ് ചാർജ്ജ് വെട്ടിക്കുറച്ച തീരുമാനം പുന:പരിശോധിച്ചും ഇവയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അക്ഷയസെന്ററുകൾക്കുള്ള സർവ്വീസ് ചാർജ്ജ് ലഭിയ്ക്കുവാൻ വൈകുന്ന സാഹചര്യങ്ങളിൽ അവ വേഗത്തിൽ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുമായും അവർ നിരന്തരം ബന്ധപ്പെടാറുണ്ട്. കൂടാതെ കാല താമസം ഒഴിവാക്കാനായി അതാത് ഡിപ്പാർട്ട്മെൻറിൽ നിന്ന് പേയ്മെൻറ് ലഭിക്കുന്ന മുറയ്ക്ക് അക്ഷയ സംസ്ഥാന ഓഫീസിൽ നിന്ന് നേരിട്ട് സംരംഭകർക്ക് പേയ്മെൻറ് നൽകുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ